ഉത്തരം

(എ) അസിസ്റ്റന്റ് ലൈൻമാൻ തസ്തിക ഒഴിവാക്കുകയും, 1998-ലെ പേ റിവിഷൻ ഉത്തരവ് പ്രകാരം ഗ്രേഡ് ഒന്നും രണ്ടും ലൈൻമാൻ തസ്തികകൾ വെയിപ്പിച്ച് ലൈൻമാൻ എന്ന് പുനർനാമകരണം ചെയ്യുകയും, തുടർന്ന് അസിസ്റ്റന്റ് ഹെൽപ്പർ തസ്തിക നിർത്തലാക്കുകയും ചെയ്തതിനെത്തുടർന്ന് വേണ്ടി വന്ന മാറ്റങ്ങൾ സ്പെഷ്യൽ റൂളിൽ ഉൾക്കൊള്ളിക്കുവാനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. കൂടാതെ ലൈൻമാൻ തസ്തികയിൽ 25% ഹെൽപ്പർ തസ്തികയിലുള്ള ജീവനക്കാരുടെ പ്രൊമോഷന് വേണ്ടിയും ബാക്കി പി. എസ്. സി. മുഖേനയുള്ള നിയമനത്തിനു വേണ്ടിയും മാറ്റിവയ്ക്കുന്നതിനുള്ള പ്രൊപ്പോസലും, ഹെൽപ്പർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള യോഗ്യത പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശവും സർക്കാർ പരിഗണനയിലാണ്. ഇതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചു വരുന്നു.

(ബി) ഹെൽപ്പർ, അസിസ്റ്റന്റ് ലൈൻമാൻ, ലൈൻമാൻ തുടങ്ങിയ ഏഴു കാറ്റഗറികളുൾപ്പെടുന്ന "കേരളാ എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവീസ്, ഇലക്ട്രിക്കൽ, സ്പെഷ്യൽ റൂൾസ്" ആണ് ഭേദഗതിക്കായി പരിഗണിക്കുന്നത്.

(സി) ഇല്ല. നിർദ്ദേശം പരിഗണനയിലാണ്.

(ഡി) മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

പ്രൈമറി വിഭാഗത്തിലെ സിലബസ് ഏകീകരണം

73 [5732] ശ്രീ. ലൂഡി ലൂയിസ്:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എ. പി. അനിൽകുമാർ:
" ടി. വി. ചന്ദ്രമോഹൻ:
" ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺഎയ്ഡഡ് സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിലെ സിലബസ്സും ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിലെ സിലബസ്സും ഒന്നു തന്നെയാണോ;

(ബി) അൺഎയ്ഡഡ് വിഭാഗത്തിലെ പ്രൈമറി സെക്ഷനിലെ വിദ്യാർത്ഥികൾ ഭാരമേറിയ നിരവധി ബുക്കുകൾ വഹിച്ചുകൊണ്ട് ക്ലാസ്സുകളിൽ പോകുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അൺ എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിലെ സിലബസ്സും ഗവൺമെന്റ് സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിലെ സിലബസ്സും ഏകീകരിക്കുമോ?

ഉത്തരം

(എ) പ്രൈമറി വിഭാഗത്തിൽ ഒന്നു മുതൽ നാലുവരെ മലയാളം മാധ്യമത്തിൽ അദ്ധ്യയനം നടത്തുന്ന ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അൺ എയ്ഡഡ് സ്കൂളുകളിലും സിലബസ്സ് ഒന്നുതന്നെയാണ്. എന്നാൽ ഇംഗ്ലീഷ് മാധ്യമത്തിൽ ഒന്നു മുതൽ നാലുവരെ കേരള സിലബസ്സ് അല്ല. ആയതിനാൽ അത്തരം സ്കൂളുകളിൽ മറ്റ് സിലബസ്സുകളാണ് പിൻതുടരുന്നത്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

എൽ. കെ. ജി., യു. കെ. ജി., 1-ാം ക്ലാസ്സ് പ്രവേശനത്തിന് റിട്ടൺ ടെസ്റ്റ്

74 [5733] ശ്രീ. വി. ബാലറാം:
" ഡി. സുഗതൻ:
" ലൂഡി ലൂയിസ്:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. കെ. ജി., യു. കെ. ജി., 1-ാം ക്ലാസ്സ് എന്നിവിടങ്ങളിൽ പ്രവേശനത്തിന് ഇന്റർവ്യൂവും റിട്ടൺടെസ്റ്റും നടത്തുന്നതായി അറിവുണ്ടോ; ഇല്ലാത്തപക്ഷം അതേപ്പറ്റി അന്വേഷിക്കുമോ; ഈ രീതി അനുവദനീയമാണോ;

(ബി) ഇത്തരം രീതികളെ എൻ. സി. ഇ. ആർ. ടി. തടഞ്ഞിട്ടുണ്ടോ; മുകളിൽപ്പറഞ്ഞ ക്ലാസ്സുകളിലേക്ക് ഇന്റർവ്യൂ, റിട്ടൺടെസ്റ്റ് എന്നിവ നടത്തുന്നത് നിരോധിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷണം നടത്തുന്നതാണ്.

(ബി) ഈ രീതികൾ എൻ. സി. ഇ. ആർ. ടി. തടഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly